ഉടറോഡുകളെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുക, ചെക്ക്പോസ്റ്റിലെ നികുതി ചോർച്ചയെ സംബന്ധിച്ച് പഠിക്കുക, ചെക്ക്പോസ്റ്റുകളിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ച് പഠിക്കുക എന്നീ ഉദ്ദേശങ്ങളോടെ കൊമേഴ്സ്യൽ ടാക്സസിലെ ഉദ്യോഗ സ്ഥരുടെ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നികുതി ചോർച്ച കണ്ടുപിടിക്കുന്നതിനായി പത്യേകമായി ഇൻവെസ്റ്റിഗേഷൻ വിംഗ് രൂപവൽക്കരിച്ചിട്ടുണ്ട്.

സിങ്കിന് ചുമത്തുന്ന സെയിൽസ് ടാക്സ്

13 [5467] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിങ്കിന് എത്ര ശതമാനം സെയിൽസ് ടാക്സാണ് ഗവൺമെന്റ് ചുമത്തുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) കേരളത്തിൽ സിങ്ക് ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനമായ ബിനാനി സിങ്കിൽനിന്നും സിങ്കിന്റെ വിൽപ്പനയിൽ 2001-02, 2002-03 എന്നീ വർഷങ്ങളിൽ എന്തു തുക നികുതിയായി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽ സിങ്കിന്റെ സെയിൽസ് ടാക്സ് ഒന്നാമതായതുകൊണ്ട് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന സിങ്ക് ഇവിടെ വിൽക്കാതെ മറ്റ് സംസ്ഥാനങ്ങളിൽ വിൽക്കുന്നതുമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടം ഗവൺമെന്റിന് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ബിനാനി സിങ്ക് ഉൽപ്പാദിപ്പിക്കുന്ന സിങ്കിന്റെ ടാക്സ് ഒരു ശതമാനമായി കുറയ്ക്കണമെന്ന ടാക്സ് എംപവർ കമ്മിറ്റിയുടെ ശുപാർശ സംസ്ഥാന ഗവൺമെന്റിന് എന്ന് ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) ഖജനാവിന് കോടിക്കണക്കിന് രൂപയുടെ വരുമാനം ഉണ്ടാകുന്ന ഈ ശുപാർശ നടപ്പിലാക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) സിങ്കിന് കേരള വിൽപ്പന നികുതി നിയമത്തിലെ പട്ടിക ഒന്ന് പ്രകാരം വിൽപ്പന നികുതി 8%വും അധിക വിൽപ്പന നികുതി 15%വും ആണ്. കേന്ദ്ര വിൽപ്പന നികുതി 'സി' ഫാറം ഹാജരാക്കുകയാണെങ്കിൽ അന്തർ സംസ്ഥാന വ്യാപാരത്തിന് 4%വും 'സി' ഫാറത്തിന്റെ അഭാവത്തിൽ ഉയർന്ന നിരക്കായ 10%വും ചുമത്തിവരുന്നു.

(ബി) ബിനാനി സിങ്കിൽനിന്നും 2001-02, 2002-03 വർഷത്തിൽ ലഭിച്ച വിൽപ്പന നികുതി താഴെ പറയുംപ്രകാരമാണ്:

2001-02	..	1,84,83,369 രൂപ
2002-03	..	2,04,02,273 രൂപ.

(സി) ബിനാനി സിങ്കിൽനിന്നും ഇത് സംബന്ധിച്ച് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ഡി, ഇ) ടാക്സ് എംപവർ കമ്മിറ്റി എന്ന ഒരു കമ്മിറ്റി നിലവിലില്ല.

വിൽപ്പന നികുതി വകുപ്പു ജീവനക്കാരുടെ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റിൽനിന്നും വ്യത്യസ്തമായ സമ്പാദ്യം

14 [5468] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly